## മറുപിറവി
### സേതു




**പൂ**ർവകാല കേരളത്തിന്റെ മണ്ണിലേക്കും മനസ്സിലേക്കും ഒരു യാത്ര. മുചിരിയെന്ന തുറമുഖത്തിലൂടെ ലോകസംസ്കാരങ്ങളുമായി അടുത്ത ബന്ധം പുലർത്തിയ കേരളത്തിന്റെ മാറിമറിഞ്ഞ ചരിത്രം. ചരിത്രത്തെയും ഭാവനയെയും ചേർത്തുവച്ച് കാലത്തിന്റെ മറുപിറവി ആഘോഷിക്കുകയാണ് ഈ നോവൽ. **5 വ്യത്യസ്ത കവറുകളോടെ.**

Pub: April 2011

## തൃക്കോട്ടൂർ വിളക്ക്
### യു.എ.ഖാദർ




**തൃ**ക്കോട്ടൂർ തട്ടകത്തിന്റെ കഥാകാരൻ യു.എ.ഖാദർ തന്റെ ദേശപുരാവൃത്തങ്ങളിൽനിന്ന് തോറ്റിയെടുത്ത ഏഴു ലഘു നോവലുകൾ. തെളിനീരുറവപോലെ നമുക്ക് മനസ്സു വായിച്ചെടുക്കാവുന്ന ഗ്രാമീണ കഥാപാത്രങ്ങളിലൂടെ കേരളീയ ഗ്രാമങ്ങളുടെ കഴിഞ്ഞകാലത്തെ നാട്ടുചരിത്രം രേഖപ്പെടുത്തുകകൂടിയാണ് ഈ നോവലുകൾ.

Pub: May 2011

## നല്ലവനായ യേശുവും വഞ്ചകനായ ക്രിസ്തുവും
### ഫിലിപ് പുൾമൻ

The Goodman Jesus and the Scoundrel Christ

വിവ: ജോളി വർഗീസ്




**ലോ**കത്തേറ്റവും സ്വാധീനം ചെലുത്തിയ വ്യക്തിയുടെ ജീവിതകഥയെ വേറിട്ട കാഴ്ചയുമായി സമീപിക്കുകയാണ് പുൾമൻ. നിഗൂഢതയും കരുണയും ഊർജ്ജവും നിറഞ്ഞു നിൽക്കുന്ന ഈ കൃതി യേശുവിന്റെ ജീവിതത്തിലേക്ക് പുതുവെളിച്ചം വീശുന്നു. അവസാന താളുകൾ മറിച്ചതിനുശേഷവും ആവർത്തിക്കുന്ന ഒരുപിടി ചോദ്യങ്ങൾ വായനക്കാരിലവശേഷിപ്പിക്കുന്ന രചന.

Pub: May 2011

## ചാവ് തുള്ളൽ
### രാജു കെ. വാസു




**സ**മൂഹത്തിന്റെ അരികുകളിലേക്ക് തള്ളിമാറ്റപ്പെട്ട ഒരു ജനതയുടെ ദൈനംദിന പ്രശ്നങ്ങളെയും ജീവിതവ്യവഹാരമണ്ഡലങ്ങളെയും കാട്ടിത്തരുന്ന വ്യത്യസ്തമായ ഒരു നോവൽ. രാജു കെ.വാസുവിന്റെ ആദ്യരചന.

Pub: June 2011

## 9/11
### കെ.പി. മാത്യു




2001 സെപ്റ്റംബർ 11 മെയ് അമേരിക്കയിലെ വേൾഡ് ഗ്രേഡ് സെന്ററിൽ ഉണ്ടായ ഭീകരാക്രമണത്തിനെ പശ്ചാത്തലമാക്കി രചിച്ച നോവൽ. ആ ആക്രമണത്തിനു പിന്നിലെ രഹസ്യങ്ങളന്വേഷിച്ച് ഇറങ്ങിച്ചെന്ന ഒരു വനിതാ ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റിന്റെ കഥ. ഉദ്വേഗജനകവും ആകാംക്ഷാഭരിതവുമായ നോവൽ.

Pub: June 2011

## തസ്കിയ
### മുഹമ്മദ്കുട്ടി

**പ്രൊ**ഫ. ദേവദാസിന്റെയും ശിഷ്യയായ നൗറീന്റെയും പ്രണയമാണ് 'തസ്കിയ' എന്ന നോവലിനടിസ്ഥാനം. പ്രണയത്തിന് പ്രായമൊരു തടസ്സമല്ലെന്ന് തിരിച്ചറിഞ്ഞ ദേവദാസിൽനിന്ന് മതം നൗറീനെ അടർത്തിയെടുത്തു. നൗറീനായി മതപരിവർത്തനത്തിനുപോലും മുതിർന്ന ദേവദാസിന്റെ പിന്നീടുള്ള പാപപങ്കിലമായ ജീവിതവും ശുദ്ധീകരണവുമാണ്—'തസ്കിയ.' ഡോ. മുഹമ്മദുകുട്ടിയുടെ ആദ്യ നോവലിന് ആലങ്കോട് ലീലാകൃഷ്ണന്റെ അവതാരിക. ചിത്രങ്ങൾ: നമ്പൂതിരി

Pub: June 2011

# നോവൽ

## ക്ഷണിക്കപ്പെടാതെ

Netochka Nezvanova

**ഡോസ്റ്റോയേഫ്സ്കി**

വിവ: വേണു വി. ദേശം

**മ**ഹാനായ റഷ്യൻ സാഹിത്യകാരന്റെ തൂലികയിൽനിന്നുമുള്ള ആദ്യനോവൽ. അറസ്റ്റും സൈബീരിയയിലേക്കുള്ള നാടുകടത്തലും ഈ നോവൽ പൂർത്തിയാക്കുവാൻ ഡോസ്റ്റോയേഫ്സ്കിയെ അനുവദിച്ചില്ല. പ്രതിഭയുടെ എല്ലാ ലക്ഷണങ്ങളും ഒത്തിണങ്ങിയ മനോഹര രചന.

Pub: June 2011

## തീർത്ഥാടനം

**പൗലോ കൊയ്‌ലോ**

വിവ: കെ. എം. ചന്ദ്രശർമ്മ




**പ്രാ**ചീനവിജ്ഞാനത്തിനുവേണ്ടി ഗ്രന്ഥകാരൻ നടത്തുന്ന ഒരു സമകാലിക അന്വേഷണമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അതിനുവേണ്ടി ഫ്രാൻസിലെ സെന്റ് ജീൻ പൈഡ് ഡി പോർട്ടിൽനിന്നും സ്പെയിനിലെ സാന്റിയാഗോയിലേക്ക് പരമ്പരാഗതപാതയിലൂടെ എഴുനൂറു കിലോമീറ്റർ ദൂരത്തിൽ അദ്ദേഹം ഒരു തീർത്ഥാടനം നടത്തി. എലിയാസ് പെട്രസ് എന്ന ഗുരുവിനൊപ്പം നടത്തിയ ഈ യാത്ര അദ്ദേഹത്തിന്റെ ജീവിതത്തെത്തന്നെ മാറ്റിമറിച്ചു. കാവ്യാത്മകമായ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥം അദ്ദേഹത്തിന്റെ അന്വേഷണത്തിന്റെ ആഴം നമുക്കു വെളിപ്പെടുത്തിത്തരുന്നു.

Pub: May 2011

## അവജ്ഞ

**ഫിലിപ്പ് റോത്ത്**

വിവ: എം.കെ. ഗംഗാധരൻ




**അ**മേരിക്കൻ ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ള നേവലുകളിലൂടെ ശ്രദ്ധേയനായ ഫിലിപ്പ് റോത്തിന്റെ *Indignation* എന്ന കൃതിയുടെ മലയാള പരിഭാഷ. അറുപതുകളിൽ അമേരിക്കൻ സമൂഹത്തിൽ നിലനിന്നിരുന്ന അസമത്വങ്ങളുടെയും അസ്വസ്ഥതകളുടെയും ആവിഷ്കാരം.

Pub: June 2011

## ഇടവേളയ്ക്കുശേഷം

Eak Break Ke Baad

**അൽക്കാ സരാവഗി**

വിവ: എ.കെ.സുധർമ്മ

'**ബൈ**പ്പാസു വഴി കൽക്കത്തയിലേക്ക്' എന്ന പ്രശസ്ത കൃതിയിലൂടെ ഡി സി ബുക്സ് മലയാളികൾക്ക് പരിചയപ്പെടുത്തിത്തന്ന പ്രശസ്ത ഉത്തരേന്ത്യൻ സാഹിത്യകാരിയാണ്, അൽക്കാ സരാവഗി. ആഖ്യാനത്തിലെന്നപോലെ കഥയ്ക്കുള്ള വിഷയം തിരഞ്ഞെടുക്കുന്നതിലും അൽക്കാ മറ്റു സാഹിത്യകാരികളിൽനിന്ന് വ്യത്യസ്തയാണ്. അതാണ് അവരെ ഇന്ത്യയിലേതന്നെ പ്രശസ്ത പെണ്ണെഴുത്തുകാരിൽ ഒരാളാക്കിത്തീർത്ത ഘടകവും.

മൾട്ടി നാഷണൽ കമ്പനികളും കോർപ്പറേറ്റ് മാധ്യമങ്ങളും ഭരിക്കുന്ന വർത്തമാന ഇന്ത്യയെ ഗുരുചരൺ, കെ.വി.അയ്യർ എന്നീ സുഹൃത്തുക്കളിലൂടെ അവതരിപ്പിക്കുകയാണ്, അൽക്കാ ഈ നോവലിലൂടെ. അയ്യർ, മൾട്ടിനാഷണൽ കമ്പനികളെയും ഇന്ത്യയുടെ സാമ്പത്തികനയത്തെയും വാനോളം പുകഴ്ത്തുമ്പോൾ ഗുരുചരണാകട്ടെ, ഈ പ്രതിഭാസത്തെ പ്രതിരോധിക്കാൻ ശ്രമിക്കുന്നു. ഇന്ത്യയുടെ മാറുന്ന മുഖത്തെ, മറഞ്ഞുകിടക്കുന്ന യാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുകയാണ് ഈ നോവലിൽ.

**Page: 220 / ₹ 125**

ISBN: 978-81-264-3034-5

Pub: June 2011

## ഗതിമുട്ടിയ സ്ത്രീ

**നവാൽ അൽ സഅദാവി**

വിവ: എസ്.എ. ഖുദ്സി




**ഒ**രു കൂട്ടിക്കൊടുപ്പുകാരനെ കൊന്നതിന് കെയ്റോ ജയിലിൽ വധശിക്ഷ കാത്തു കഴിയുന്ന ഫിർദൗസ് എന്ന സ്ത്രീയുടെ ജീവിതകഥയാണ് നോവലിന്റെ ഇതിവൃത്തം. ശാന്തസ്വഭാവമുള്ളവളും ക്ഷമാശീലയുമായിരുന്ന ഫിർദൗസിന്റെ കഥ പഠിക്കാൻ മനഃശാസ്ത്രജ്ഞയും സമർത്ഥയുമായ ഗ്രന്ഥകർത്രി ശ്രമിക്കുന്നിടത്തുനിന്നാണ് കഥ ആരംഭിക്കുന്നത്. ബാല്യം മുതല്ക്കുതന്നെ പല പുരുഷന്മാരുടെയും പീഡനത്തിനിരയായ ഫിർദൗസിന്റെ തീക്ഷ്ണമായ ജീവിതാനുഭവങ്ങൾ യാഥാർത്ഥ്യത്തോടെ വിവരിക്കാൻ എഴുത്തുകാരിക്ക് കഴിഞ്ഞിട്ടുണ്ട്.

Pub: April 2011

## ഉദ്യാനം, ചാരം

Garden, Ashes

### ഡാനിലോ കിസ്

വിവ: എം.എസ്.നായർ




**നോ**വലിസ്റ്റ്, ചെറുകഥാകൃത്ത്, കവി എന്നീ നിലകളിൽ പ്രശസ്തനായ യുഗോസ്ലാവിയനാണ് ഡാനിലോ കിസ്. നോബൽസമ്മാനത്തിന് നാമനിർദേശം ചെയ്യപ്പെട്ട അദ്ദേഹം, ദേശീയവും അന്തർദേശീയവുമായ നിരവധി പുരസ്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്.

സെർബോ-ക്രൊയേഷ്യൻ നോവലിസ്റ്റായ ഡാനിലോ കിസിന്റെ ആത്മകഥാപരമായ നോവലാണ് 'ഉദ്യാനം, ചാരം'. രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭത്തിൽ ജീവിക്കേണ്ടിവന്ന ആൻഡ്രിയാസ് സ്കാം എന്നൊരു ബാലന്റെയും കുടുംബത്തിന്റെയും കഥയാണിത്. കോൺസൻട്രേഷൻ ക്യാംപുകളിലേക്ക് എത്തപ്പെട്ട, പരാജിതനായ, ഒരു പാവം ജൂതനാണ് എഡ്വാർഡ് എന്നു പേരുള്ള ആൻഡിയുടെ പിതാവ്. കഥയിലെ മുഖ്യകഥാപാത്രമായ എഡ്വാർഡിലൂടെ യുദ്ധത്തിന്റെ പൈശാചികമുഖത്തെ മറയില്ലാതെ തുറന്നുകാട്ടുകയാണ് ഇവിടെ. യുദ്ധത്തിന്റെ ഭീതിയും ഭീകരതയും പിതാവിന്റെ അവസ്ഥ നേരിൽ കാണുന്നതിലൂടെ മാത്രം അറിയുന്ന ആൻഡി, ചില സന്ദർഭങ്ങളിൽ മുതിർന്ന ഒരാളുടെ ചിന്താതലത്തിലൂടെ കഥയെ നയിച്ച് വായനക്കാരെ അത്ഭുതപ്പെടുത്തുന്നു.

**Page: 160 / ₹ 90**

ISBN: 978-81-264-2990-5

Pub: April 2011

## കാൽ വൈശാഖി

### കെ.എസ്. അനിയൻ

**പ്രേ**മവും കാമവും ക്രോധവും മോഹവും വിപ്ലവവും ഇരമ്പിപ്പെയ്യുന്ന കൊൽക്കത്ത നഗരപശ്ചാത്തലത്തിൽ എത്തപ്പെട്ട കുറേ മലയാളികളുടെ ജീവിതകഥ, ഒപ്പം ബംഗാളികളുടെയും. ഹൃദയസ്പർശിയായ നോവൽ.

Pub: May 2011

## സ്മൃതി

### കെ.പി.സുധീര

**സ്**ത്രീ—അവളുടെ ചേതോഹരമായ നിലനില്പ് നിങ്ങളെ ഗൂഢമായി വലയംചെയ്യുന്നു. അഗ്നിജ്വാലപോലെ അവൾ നിങ്ങളെ പൊള്ളിച്ചേക്കാം, എന്നാൽ ചന്ദ്രന്റെ ഇളം രശ്മികളായി അവൾ നിങ്ങളെ തണുപ്പിക്കുന്നു. സ്ത്രീസ്വത്വത്തിന്റെ ആഴങ്ങളിലേക്ക് അനുവാചകരെ നയിക്കുന്ന വ്യത്യസ്ത നോവൽ.

Pub: June 2011

## ഗൊലേം

### ഗുസ്താവ് മെയ്റിങ്

വിവ: എസ്. എസ്. ശ്രീകുമാർ




**പ്രാ**ഗിലെ ചേരിയിൽ ജീവിക്കുന്ന രത്നവ്യാപാരിയും കലാപുനരുദ്ധാരകനുമായ അൽത്താനിയൂസ് പെർനാത് എന്നയാളുടെ ജീവിതത്തെ കേന്ദ്രീകരിച്ചുള്ളതാണ് നോവൽ... എന്നാൽ മുപ്പതു വർഷങ്ങൾക്കു മുമ്പത്തെ പെർനാതിന്റെ വ്യക്തിത്വത്തെ സ്വാംശീകരിക്കുന്ന അജ്ഞാതനായ ഒരു ആഖ്യാതാവിന്റെ മായികസ്വപ്നങ്ങളിലെ അനുഭവങ്ങളായാണ് കഥ വിടരുന്നത്. നോവൽ പ്രധാനമായും പെൽനാതിന്റെ സ്വന്തം ചിന്താവ്യാപാരങ്ങളിലും വീരകൃത്യങ്ങളിലുമാണ് ഊന്നുന്നതെങ്കിലും അത് അയാളുടെ അയൽവാസികളുടെയും സുഹൃത്തുക്കളുടെയും ജീവിതം, സ്വഭാവങ്ങൾ, വിനിമയങ്ങൾ എന്നിവയെ കാലാനുക്രമമായി വിവരിക്കുന്നു. കൂടാതെ, യാതന നിറഞ്ഞ പ്രാഗിലെ ജീവിതത്തിന്റെ നേർക്കാഴ്ചകൾ ഇതിൽ നിറഞ്ഞുനിൽക്കുന്നു.

Pub: May 2011

## കുറുക്കൻ

### ഡി.എച്ച്. ലോറൻസ്




**പ്ര**ണയത്തിൽ കുറുക്കന്റെ തന്ത്രങ്ങളാവിഷ്കരിച്ച ഒരു യുവാവിന്റെ, അതിൽ വീണ രണ്ടു പെൺകുട്ടികളുടെയും കഥയിലൂടെ സ്ത്രീ-പുരുഷ ബന്ധത്തിന്റെ അഗാധതകളെ തൊടുന്ന ഉജ്ജ്വലനോവൽ.

Pub: June 2011

**ഡിസി ക്ലാസിക് പരമ്പര**

## അന്നകരനീന

### ടോൾസ്റ്റോയി

വിവ.എം.പി.സദാശിവൻ

**ടോ**ൾസ്റ്റോയിയുടെ കലാദർശനത്തിന്റെ ആവർത്തനവിധേയമല്ലാത്ത വൈചിത്ര്യവും ഭാവതീവ്രതയും ഉൾക്കൊണ്ട വിശ്വസാഹിത്യകൃതിയുടെ സമ്പൂർണ്ണവിവർത്തനം. ഡി സി ക്ലാസിക്സിലെ ആദ്യപുസ്തകം.

Pub: June 2011

## ക്രോധത്തിന്റെ മുന്തിരിപ്പഴങ്ങൾ

### ജോൺ സ്റ്റീൻബെക്ക്

വിവ.കെ.പി.സുധീര

**വാ**ഗ്ദത്തഭൂമിതേടി ഒക്‌ലഹോമയിൽനിന്ന് കാലിഫോർണിയയിലേക്ക് പലായനം ചെയ്യുന്ന ജോഡ് കുടുംബത്തിന്റെ പശ്ചാത്തലത്തിൽ വിരചിക്കപ്പെട്ട മനുഷ്യേതിഹാസം. നൊബേൽ പുരസ്കാരവും പുലിറ്റ്സർ പുരസ്കാരവും ലഭിച്ച നോവൽ.

Pub: June 2011

## ചുംബനശബ്ദതാരാവലി
### ഇന്ദു മേനോൻ




വ്യവസ്ഥാപിത കഥാനിയമങ്ങൾ തെറ്റിക്കുകയും അതിൽതന്നെ പുനരെഴുത്ത് സാധ്യമാക്കുകയും ചെയ്ത പുതുകഥയുടെ ദൃഷ്ടാന്തങ്ങൾ. പ്രണയവും കാമവും നൈരന്തര്യ വിഹ്വലതകളായി തുടരുന്നതിന്റെ ആളിക്കത്തലുകൾ.

Pub: May 2011

## കാമകൂടോപനിഷത്ത്
### രാജേഷ് ആർ.വർമ്മ

കഥയിലെ പുതുശബ്ദം. വേറിട്ട അനുഭവലോകത്തെ വെളിപ്പെടുത്തുന്ന, പുതുതലമുറയിൽ ഇതേവരെ പരിചയിച്ചിട്ടില്ലാത്ത ആഖ്യാനമികവ്.

Pub: June 2011

## ഇല്ല. ഞങ്ങൾക്ക് ഒരു പ്രയാസവുമില്ല
### അജീത് കൗർ

വിവ: പ്രൊഫ. വി.ഡി. കൃഷ്ണൻ നമ്പ്യാർ




വിഖ്യാത പഞ്ചാബി സാഹിത്യകാരി അജീത് കൗറിന്റെ പുതിയ കഥകളുടെ വിവർത്തനം. ഉത്തരേന്ത്യൻ ഗ്രാമീണ ജീവിതത്തിന്റെയും ജനതയുടെയും ലാളിത്യവും നിഷ്കളങ്കതയും പേറുന്ന എട്ടു കഥകളുടെ സമാഹാരം.

Pub: May 2011

## പിതൃക്കളുടെ മുസോളിയം
### പി. ജെ. ജെ. ആന്റണി

ദേശത്തെയും കാലത്തെയും പുതിയ ഭാവുകത്വരീതിയിൽ അവതരിപ്പിക്കുന്ന 16 കഥകളുടെ സമാഹാരം. മാറുന്ന മലയാളിജീവിതത്തെ ഹൃദയത്തിൽ തൊടുന്ന ഭാഷയിൽ ആവിഷ്കരിക്കുന്ന ലളിതസുന്ദരമായ കഥകൾ.

Pub: June 2011

## ചുവരെഴുത്ത്
### വത്സലൻ വാതുശ്ശേരി




'ലോകത്തിന്റെ ഏതോ കോണിൽ മറഞ്ഞിരുന്ന് ആ ഭീകരൻ എറിയുന്ന കൊളുത്ത് എന്റെ മേലും വന്നുവീഴുകയാണ്. ഏതോ മായാശക്തിയാലെന്നപോലെ അവനെന്നെ മരവിപ്പിച്ച് നിർത്തിയിരിക്കുന്നു...'
മലയാളകഥാഭൂപടത്തിൽ ആധുനികാനന്തര തലമുറയിലെ പുതിയ ഭാവുകത്വവ്യതിയാനത്തിന്റെ മുദ്രകളായ 9 കഥകൾ.

**Page: 84 / ₹ 50**

ISBN: 978-81-264-2931-8

Pub: April 2011

## ലോകോത്തരകഥകൾ
### ഓസ്കർ വൈൽഡ്

വിവ: എച്ച്. ഈശ്വരൻ നമ്പൂതിരി




രചനയിലെ വൈവിധ്യവും സൗന്ദര്യവും കൊണ്ട് എല്ലാ പ്രായക്കാരെയും ഒരേപോലെ ആകർഷിച്ച അനശ്വര സാഹിത്യകാരനാണ് ഓസ്കർ വൈൽഡ്. അദ്ദേഹത്തിന്റെ *The Happy Prince, Fisherman and his Soul, The Sphinx without a Secret, Lord Arthur Savile's Crime* തുടങ്ങിയ പ്രശസ്തമായ കഥകളുടെ മലയാള പരിഭാഷ.

Pub: April 2011

## ലോകോത്തരകഥകൾ
### ഗോഗൾ

വിവ: എസ്. ഹരീഷ്




റഷ്യൻ സാഹിത്യത്തിന്റെ തലതൊട്ടപ്പനാണ് ഗോഗൾ. ലോകമൊട്ടുക്ക് വിസ്മയങ്ങൾ സൃഷ്ടിച്ചുകൊണ്ട് പരന്നൊഴുകിയ ആധുനിക റഷ്യൻ ഗദ്യരചനയുടെ തുടക്കം ഗോഗളിൽനിന്നാണെന്ന് നിസ്സംശയം പറയുവാൻ സാധിക്കും. ആ മഹാപ്രതിഭയുടെ *Diary of a Madman, The Overcoat, The Nose, Nevski Prospect* എന്നീ പ്രശസ്തമായ കഥകളുടെ മലയാള പരിഭാഷ.

Pub: April 2011

## അയ്യപ്പന്റെ കവിതകൾ
### എ. അയ്യപ്പൻ




**ആ**സക്തമായ ജീവിതപരിസരത്തെ വിപരീതാസക്തിയിലൂടെ മറികടന്ന എ. അയ്യപ്പന്റെ ലഭ്യമായ എല്ലാ കവിതകളുടെയും സമാഹാരം. ജീവിതവും കവിതയും രണ്ടല്ലെന്ന് ഈ കവിതകൾ നമ്മോടു പിറുപിറുത്തുകൊണ്ടിരിക്കുന്നു. സ്വാസ്ഥ്യത്തിന്റെ കപടയോഗികൾക്കുനേരേ തെരുവിൽ വെയിൽ തിന്നുകൊണ്ട് വെളിച്ചപ്പെടുന്ന കവിതകൾ.

Pub: April 2011

## അവ(ശ്)ശിഷ്ടം
### നൗഷാദ് പത്തനാപുരം

**ക**വിതയുടെ കാവ്യസ്വത്വങ്ങളിൽ അനുഭവതീക്ഷ്ണതയുടെ കപട സദാചാരങ്ങൾ ഒഴിവാക്കിയ വരികളുടെ സമന്വയം. യുവ കവികളിൽ ശ്രദ്ധേയനായ നൗഷാദ് പത്തനാപുരത്തിന്റെ ഏറ്റവും പുതിയ കവിതകൾ.

Pub: May 2011

## ആദ്യകാല ബാലകവിതകൾ
### എഡിറ്റർ എഴുമറ്റൂർ രാജരാജവർമ്മ

മലയാളത്തിലെ ആദ്യത്തെ ബാലകവിതാസമാഹാരമായ പദ്യപാഠാവലിയിലെ സ്വതന്ത്രരചനകൾ സമാഹരിച്ചു പ്രസിദ്ധീകരിക്കുന്ന പുസ്തകം.ഓമനത്തിങ്കൾകിടാമോ, പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി തുടങ്ങി ഓരോ മലയാളിയുടെയും ഗൃഹാതുരങ്ങളായ കവിതകൾ.

Pub: April 2011

## മരംകൊത്തി
### ടി.പി. അനിൽകുമാർ




**ക**വിതയിൽ ഒരു ദിശാമാറ്റത്തിന്റെ സൂചകമാവുന്ന കവിതകൾ. കാവ്യസ്വത്വങ്ങളിൽ അനുഭവതീക്ഷ്ണതയുടെ കപട ആവരണങ്ങളില്ലാത്ത വാക്കുകളുടെ നിസ്വ പരിചരണം കൊതിക്കുന്നവർക്ക് ഈ കവിതകൾ.

Pub: June 2011

## അവസ്ഥാന്തരം
### ചവറ കെ.എസ്.പിള്ള




**നീ** വന്നില്ലെങ്കിൽ, രാത്രി, ഉപരികുന്ന്, ആർക്കുവേണ്ടി, ശക്തിഗാഥ തുടങ്ങിയ 39 കവിതകൾ. ജീവിതാനുഭവങ്ങളുടെ ഹൃദ്യമായ ആവിഷ്കാരങ്ങൾ.

Pub: May 2011

# ആത്മകഥ/ഓർമ്മ

## കൃഷ്ണലീല
### ക്യാപ്റ്റൻ സി.പി.കൃഷ്ണൻനായരുടെ ആത്മകഥ

**അ**സാധാരണമായ ആത്മബലത്തോടെ ജീവിതത്തിൽ മുന്നേറിയ ഒരു വ്യവസായി ജിനീയസ്സിന്റെ ആത്മകഥ. പുതിയ പദ്ധതികൾ സ്വപ്നം കാണാനും അവ ആവിഷ്കരിക്കാനുമുള്ള ഒരു മനുഷ്യന്റെ ദീർഘവും കഠിനാധ്വാനം നിറഞ്ഞതുമായ നാൾവഴികളുടെ രേഖ. ബിസിനസ്സ് രംഗത്തു പ്രവർത്തിക്കുന്നവർക്കും ബിസിനസ്സ് കോഴ്സുകൾ പഠിക്കുന്നവർക്കും സാധാരണക്കാർക്കും ആത്മവിശ്വാസപ്രദായകമായ ഉൾക്കാഴ്ചകൾ നല്കുന്ന കൃതി. എഴുത്ത്: താഹാമാടായി.

Pub: May 2011

## ഇലഞ്ഞിപ്പൂമണമുള്ള നാട്ടുവഴികൾ
### പി. സുരേന്ദ്രൻ

**ഓ**ർമ്മകളുടെയും അനുഭവങ്ങളുടെയും പുസ്തകം. മലയാള ഗ്രാമങ്ങൾ നന്മകളാൽ സമൃദ്ധവും ജൈവവൈവിധ്യത്താൽ സമ്പന്നവും ഹൃദയബന്ധങ്ങളാൽ വിശുദ്ധവുമായിരുന്ന കാലത്ത് തന്റെ ബാല്യകൗമാരയൗവനങ്ങൾ പിന്നിട്ട ഒരു സാഹിത്യകാരന്റെ ഭൂതകാലത്തിലേക്കുള്ള തിരിഞ്ഞുനോട്ടം.

**Page: 148 / ₹ 85**

Pub: May 2011

## പെണ്ണിര
### എഡിറ്റർ: റ്റിസി മറിയം തോമസ്

തെരുവുകളിലും യാത്രകളിലും വിവിധതരം പീഡനങ്ങൾക്കിരയായ സ്ത്രീകൾ എഴുതുന്ന അനുഭവക്കുറിപ്പുകളുടെ സമാഹാരം. കേരളത്തിലെ പൊതു ഇടങ്ങളെക്കുറിച്ച് ഞെട്ടിക്കുകയും പേടിപ്പിക്കുകയും ചെയ്യുന്ന വിവരങ്ങളാണ് ഈ പുസ്തകം പകരുന്നത്.

Pub: April 2011

## കള്ളന്റെ ബാക്കി എഴുതുന്നു
### മണിയൻ പിള്ള

തസ്കരൻ എന്ന ആത്മകഥയിലൂടെ മേഷണലോകത്തെ കഥകൾ വെളിപ്പെടുത്തിയ മണിയൻ പിള്ള ആ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷമുണ്ടായ സംഭവവികാസങ്ങൾ വിവരിക്കുകയാണ് ഈ കൃതിയിൽ.

Pub: June 2011

## കാലത്തിന്റെ വക്ഷസ്സിൽ ഒരോർമ്മത്തുരുത്ത്
### രാധാലക്ഷ്മി പത്മരാജൻ

പ്രശസ്ത ചലച്ചിത്രകാരനും എഴുത്തുകാരനുമായ പി.പത്മരാജന്റെ സഹധർമിണി രാധാലക്ഷ്മിയുടെ സ്മരണകൾ. ബാല്യകാലവും സ്കൂൾകാലവും ഇവിടെ ഇതൾ വിരിയുന്നു.

Pub: June 2011

## അനുരഞ്ജനം
### ബേനസീർ ഭൂട്ടോ

Reconsciliation: Islam, Democracy, and the West

വിവർത്തനം: സച്ചിദാനന്ദൻ പുഴങ്കര

കൊല്ലപ്പെടുന്നതിന് ഏതാനും ദിവസങ്ങൾക്കു മുൻപായി ബേനസീർ ഭൂട്ടോ എഴുതിയ ഗ്രന്ഥം. മുസ്‌ലിം ലോകവും പടിഞ്ഞാറും തമ്മിലുള്ള വിടവ് എങ്ങനെ നികത്താം എന്ന് വളരെ വിശദമായി ഇതിൽ പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ പാക്കിസ്ഥാനിലെ തന്റെ അവസാന നാളുകളെക്കുറിച്ചും ബേനസീർ ഹൃദ്യമായി വിവരിച്ചിരിക്കുന്നു. ബേനസീറിന്റെ മരണത്തോടെ എന്താണ് ലോകത്തിനു നഷ്ടപ്പെട്ടതെന്ന് ഈ ഗ്രന്ഥം വായിച്ചുകഴിയുമ്പോൾ നമുക്കു മനസ്സിലാകും.

Pub: April 2011

## പവനപർവം
### പാർവ്വതി പവനൻ

അനുഭവങ്ങൾ പലർക്കും ആവർത്തനമാവാം. ചിലപ്പോൾ ആവർത്തനം കണ്ണാടിയിലെ പ്രതിബിംബംപോലെ മനസ്സിനകത്ത് മാഞ്ഞുപോകാതെ എവിടെയോ ഒളിഞ്ഞിരിപ്പുണ്ടാകും. അത് നേർത്ത വേദനയായി മനസ്സിന്റെ ഏതോ കോണിൽ നീറിപ്പുകയുന്നുണ്ടാവാം.പവനന്റെ ജീവിതത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ജീവിതസഖിയുടെ ഹൃദ്യമായ വിവരണം. കേരളസാഹിത്യഅക്കാദമി അവാർഡു നേടിയ സ്മരണകൾ.

Pub: May 2011

## ഫ്രെയിമുകൾക്കപ്പുറം
### പി. ഡേവിഡ്

ഒരു സിനിമാ സ്റ്റിൽഫോട്ടോഗ്രാഫറുടെ ആത്മകഥ. മലയാള സിനിമ കറുപ്പിലും വെളുപ്പിലും പിന്നീട് വർണ്ണത്തിലുമായി വളർച്ച പ്രകടിപ്പിച്ച കാലങ്ങളിൽ സ്റ്റിൽ ഫോട്ടോഗ്രാഫിയിൽ സജീവമായിരുന്ന പി. ഡേവിഡ് ആ കാലഘട്ടത്തിന്റെ കഥ തന്റെ ജീവിതവുമായി കൂട്ടിയെഴുതിയിരിക്കുന്നു. അപൂർവ്വചിത്രങ്ങളോടെ. തയ്യാറാക്കിയത്: പി.സക്കീർ ഹുസൈൻ

Pub: June 2011

## മുഖം
### താഹ മാടായി

മദ്യപാനത്താൽ ബോധരഹിതനായി വഴിയിൽ കിടക്കവേ തെരുവുനായ്ക്കൾ കടിച്ചുപറിച്ച് വികൃതമാക്കിയ മുഖവുമായി ലോകത്തെ അഭിമുഖീകരിക്കാനാവാതെ കഴിയുന്ന ഒരു മനുഷ്യന്റെ പശ്ചാത്താപ നിർഭരമായ കഥ.

Pub: May 2011

## രണ്ടു ജീവിതങ്ങൾ
### വിക്രം സേത്ത്

പ്രശസ്ത നോവലിസ്റ്റായ വിക്രം സേത്തിന്റെ നോവൽപോലെ വായിച്ചുപോകാവുന്ന ജീവചരിത്രം. തന്റെ രണ്ടു തലമുറകളുടെ ജീവിതം രണ്ടു കഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കുകയാണ് ഈ കൃതിയിലൂടെ വിക്രം സേത്ത്.

Pub: May 2011

## ചിറ്റഗോംഗ് വിപ്ലവം 1930-34
### മാനിനി ചാറ്റർജി

Do and Die-The Chittagong Uprising

വിവർത്തനം: കെ. എൻ. കെ. നമ്പൂതിരി

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ഒളിമങ്ങിയ ഏടായ ചിറ്റഗോംഗ് വിപ്ലവത്തിനെ വായനക്കാർക്കുമുൻപാകെ സമഗ്രമായി അവതരിപ്പിക്കുന്ന ആദ്യകൃതി. വാക്കിലും പ്രവൃത്തിയിലും ചിന്തയിലും രാജ്യസ്നേഹം നിറഞ്ഞുനിന്ന ഒരുകൂട്ടം ദേശാഭിമാനികളുടെ താരതമ്യമില്ലാത്ത സാഹസികതയുടെ ചരിത്രം വെളിവാക്കപ്പെടുന്നു.

Pub: June 2011

## തേൻ കെണി
### ബി. അശോക്

ഉന്നത വൃത്തങ്ങളിലെ രസകരങ്ങളായ സംഭവപരമ്പരകളെ ഓർത്തെടുക്കുകയാണ് ഐ.എ.എസ്. ഉദ്യോഗസ്ഥനായ ഡോ.ബി. അശോക്. നർമ്മം തുളുമ്പുന്ന കൊച്ചുകൊച്ചു വാക്യങ്ങളിലൂടെ രാഷ്ട്രീയരംഗത്തെയും ഉദ്യോഗസ്ഥമേഖലയിലെയും അറിയാക്കഥകൾ വെളിപ്പെടുത്തുന്ന കൃതി.

Pub: June 2011

## മഹാമേരുക്കളുടെ നിഴലിൽ
### കെ. മഹേശ്വരിയമ്മ

രാഷ്ട്രീയ നായകനായിരുന്ന ശ്രീകണ്ഠൻനായരുടെ സഹധർമ്മിണി മഹേശ്വരിയമ്മ തന്റെ പൂർവകാലം ഓർത്തെടുക്കുകയാണ് ഈ കൃതിയിലൂടെ. തെളിഞ്ഞ ഭാഷയിലൂടെ അവർ വരച്ചിടുന്ന കഴിഞ്ഞകാലം കേരളത്തിന്റെ രാഷ്ട്രീയ സാസ്കാരികചരിത്രരേഖകൂടിയാകുന്നു.

Pub: May 2011

## രാജവംശം

### കലാലയ സ്മരണകൾ

ആർ.ടി. രവിവർമ്മ (സീരി)

**കാ**ർഷികവിജ്ഞാനം കർഷകരിലെത്തിക്കാൻ ആദ്യം മുന്നോട്ടുവന്ന കാർഷികശാസ്ത്രജ്ഞരിൽ ഒരാളായ സീരിയുടെ കാർഷികപഠനകാലസ്മരണകൾ. പൂണയിലെ കാർഷിക സർവകലാശാലയിൽ 'സ്റ്റേറ്റ് സ്കോളർ' ആയി പ്രവേശിച്ചതു മുതൽ അമേരിക്കയിൽനിന്നും ഉപരിപഠനം നേടിയ കാലംവരെ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു.

Pub: May 2011

## ബൊളീവിയൻ ഡയറി

### The Bolivian Diary

ചെ ഗുവാര




**ചെ** എന്ന ഐതിഹാസിക വിപ്ലവകാരിയുടെ ജീവിതത്തിലെ സാഹസികമായ അന്ത്യനാളുകളെ വെളിവാക്കുന്ന കൃതി. ലോകത്തെ നിരവധി വിപ്ലവങ്ങൾക്കു പ്രചോദനം പകർന്ന രചന. നേടുവാനുള്ള സുന്ദരലോകത്തിനായി ജീവിതംതന്നെ ത്യജിച്ച അനശ്വര വ്യക്തിത്വത്തെ അടുത്തറിയുവാൻ നമ്മെ സഹായിക്കുന്നു. വിവർത്തനം: കെ.എം. ചന്ദ്രശർമ്മ

**Page: 288 / ₹160**

ISBN: 978-81-264-2960-8

Pub: April 2011

# റഫറൻസ്

## ദ ഡിസി ബുക്ക് ഓഫ് ലെറ്റർ റൈറ്റിങ് ആൻഡ് മോഡേൺ കറസ്പോൺഡൻസ്

ഡോ.മിനി ജോൺ ആലാനി




**പ**രമ്പരാഗതവും ആധുനികവുമായ രീതികളിലൂടെ എങ്ങനെ കത്തെഴുതാം എന്ന് വിശദീകരിക്കുന്ന ആധികാരിക ഗ്രന്ഥം. ഇംപോർട്ട്-എക്സ്പോർട്ട്, ബിസിനസ്, തൊഴിൽ, ഗവൺമെന്റ് തുടങ്ങി എല്ലാ മേഖലകളിലെയും ഔദ്യോഗികവും അനൗദ്യോഗികവുമായ കത്തെഴുതൽ രീതികളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. സാധാരണക്കാർക്കും വിദ്യാർത്ഥികൾക്കും വിവിധ തൊഴിൽമേഖലകളിലുള്ളവർക്കും തികച്ചും ഉപകാരപ്രദമാണ് ഈ ഗ്രന്ഥം.

**Page: 220 / ₹ 150**

ISBN: 978-81-264-2893-9

Pub: April 2011

## ചിത്രകല ഒരു സമഗ്രപഠനം

ആർ.രവീന്ദ്രനാഥ്




**ചി**ത്രകലയെക്കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന ആധികാരികഗ്രന്ഥം. പാശ്ചാത്യവും പൗരസ്ത്യവുമായ ചിത്രകലയുടെ ചരിത്രവും വളർച്ചയും ഈ ഗ്രന്ഥത്തിൽ പ്രതിപാദ്യവിഷയമാകുന്നു. പുരാതന രചനാശൈലിയിൽനിന്ന് മോഡേൺ ആർട്ടുവരെയെത്തുന്ന രചനാസപര്യ. ചിത്രം രചിക്കേണ്ട വിധം, വിവിധ രചനോപാധികൾ, ചിത്രകലയിലെ പ്രാഥമികപാഠങ്ങൾ തുടങ്ങി ചിത്രകലയിൽ ആദ്യാക്ഷരം കുറിക്കാൻ ആഗ്രഹിക്കുന്നവർക്കും അതേസമയം ചിത്രകലാവിദ്യാർത്ഥികൾക്കും ചിത്രകലയെ സ്നേഹിക്കുന്നവർക്കും ഒരുപോലെ പ്രയോജനപ്രദമായ ഗ്രന്ഥമാണിത്.

Pub: May 2011

## ഭരതനാട്യം

മൃണാളിനി സാരാഭായി




**ഭ**രതനാട്യം എന്ന ശാസ്ത്രീയനൃത്തരീതിയുടെ ബാലപാഠങ്ങൾ വ്യത്യസ്ത സാങ്കേതികവശങ്ങൾവരെ ഏതൊരാൾക്കും ലളിതമായി ഗ്രഹിക്കാൻ പാകത്തിൽ വിശദീകരിക്കുന്ന രചന, ഇംഗ്ലീഷിൽ പല പതിപ്പുകൾ ഇറങ്ങിയ ഗ്രന്ഥത്തിന്റെ പരിഭാഷ.

Pub: June 2011

## ചിത്രകേരളം

കെ.കെ. വാരിയർ

**കേ**രളത്തിലെ ചുവർചിത്രകലാപാരമ്പര്യത്തിന്റെ സമഗ്രവിവരണം. പ്രധാന ശൈലികൾ, കലാകാരന്മാർ, ഉപകരണങ്ങളും ചായക്കൂട്ടുകളും ഉണ്ടാക്കുന്ന പഴയ വിധികൾ തുടങ്ങി ഈ വിഷയത്തിന് അറിയേണ്ടതെല്ലാം, ഒപ്പം പ്രസിദ്ധ ചുവർചിത്രങ്ങളുടെ അപൂർവ്വ കളർചിത്രങ്ങളും.

Pub: May 2011

## സേതു: എഴുത്തും വായനയും
എഡിറ്റർ: പി.എം.ഷുക്കൂർ




**സേ**തുവിന്റെ സാഹിത്യകൃതികളിലൂടെ പ്രശസ്ത നിരൂപകർ നടത്തുന്ന നിരൂപണയാത്രകൾ. സേതുവിന്റെ രചനാജീവിതത്തെ സമഗ്രമായി അറിയാനാവുന്ന തരത്തിലാണ് ഇതിലെ ഓരോ ലേഖനവും വിന്യസിച്ചിരിക്കുന്നത്.

**₹ 150**

ISBN: 978-81-240-1900-9

Pub: April 2011

## മണ്ണോ എണ്ണയോ
വന്ദന ശിവ

വിവ: പ്രശാന്ത്കുമാർ ആർ.




**കൃ**ഷി വ്യവസായമാകുമ്പോൾ സംഭവിക്കുന്നതെന്താണ് എന്ന് ഈ ഗ്രന്ഥം വെളിപ്പെടുത്തുന്നു. ഇന്നു ലോകം നേരിടുന്ന മൂന്നു മഹാവിപത്തുകളായ എണ്ണയുടെ അഭാവം, കാലാവസ്ഥാ വ്യതിയാനം, ഭക്ഷ്യദൗർലഭ്യം എന്നിവ എങ്ങനെയാണ് പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെന്ന് വന്ദന ശിവ ഈ ഗ്രന്ഥത്തിലൂടെ ലോകത്തിനു കാണിച്ചുതരുന്നു. കാലാവസ്ഥ മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നാം അവലംബിക്കേണ്ട കൃഷിരീതികളെക്കുറിച്ച് ഇതിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

Pub: June 2011

## തിരക്കഥാസാഹിത്യം: സൗന്ദര്യവും പ്രസക്തിയും
ഡോ. ജോസ് മാനുവൽ




**തി**രക്കഥയുടെ രചനാപ്രക്രിയയും സാഹിത്യ പാഠം എന്ന നിലയിൽ അതിന്റെ പ്രസക്തിയും വിലയിരുത്തുന്ന ഗവേഷണപഠനം. തിരക്കഥാപഠനത്തിന്റെ വ്യത്യസ്ത വശങ്ങളെ ഇതിൽ സമഗ്രമായി വിശകലനം ചെയ്യുന്നു. എം.ടി., പത്മരാജൻ, അടൂർ എന്നിവരുടെ തിരക്കഥകളുടെ പ്രത്യേകതകൾ സവിസ്തരം പ്രതിപാദിക്കുന്നു.

**₹ 140**

ISBN: 978-81-240-1895-2

Pub: April 2011

## കേരളത്തിലെ നാട്ടുവൈദ്യം
ഇ. ഉണ്ണിക്കൃഷ്ണൻ

**നാ**ട്ടറിവുകളുടെ ഒരു വലിയ പാരമ്പര്യം നമുക്കുണ്ട്. അതിലേറെ പ്രധാനപ്പെട്ടതാണ് നാട്ടുവൈദ്യം. പഴയ തലമുറകൾ കൈമാറിപ്പോന്ന അറിവുകൾ പലതും ഇന്നത്തെ അലോപ്പതി ചികിത്സയുടെ മാരകമായ കടന്നുകയറ്റംമൂലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവയെ തിരിച്ചുപിടിക്കാനുള്ള സാർത്ഥക ശ്രമമാണ് ഈ പുസ്തകം.

Pub: June 2011

## പഴശ്ശിയും കടത്തനാടും
കെ.ബാലകൃഷ്ണൻ




**2003**-2004 കാലത്ത് ദേശാഭിമാനി വാരികയിൽ പ്രസിദ്ധപ്പെടുത്തിയ യാത്രാവിവരണപരമ്പര. പുരാവൃത്തത്തോടൊപ്പം വർത്തമാനവും ചേർന്നുവരുന്ന ഈ രചനയിൽ രാഷ്ട്രീയവും സാംസ്കാരികവും പരാമർശിക്കപ്പെടുന്നു. അറിയുന്ന ദേശങ്ങളുടെ അറിയാത്ത ചരിത്രങ്ങൾ അനാവരണം ചെയ്യുന്ന ഈ കൃതി, പ്രാദേശികചരിത്രനിർമിതിക്ക് ഒരു വഴികാട്ടികൂടിയാണ്.

**Page: 372 / ₹ 200**

ISBN: 978-81-264-3056-7

Pub: April 2011

## ദേവദാസികളും ഹിജഡകളും
പി. സുരേന്ദ്രൻ




**ദൈ**വവിശ്വാസവും ലൈംഗികതയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളുടെ സാക്ഷാത്കാരമാകുന്ന രചന. ലൈംഗികതയുടെ അതീവ വ്യത്യസ്ത ആവിഷ്കാരങ്ങളായ ദേവദാസികളെക്കുറിച്ചും ഹിജഡകളെക്കുറിച്ചും സമഗ്രമായി പഠിച്ച് അവതരിപ്പിക്കുന്ന ഗ്രന്ഥം.

**Page: 160 / ₹ 90**

ISBN: 978-81-264-2913-4

Pub: April 2011

## ജൈവം ജീവനം
### ജോർജ് വർഗ്ഗീസ്




**ന**മ്മുടെ പ്രകൃതിയെ നാം എങ്ങനെയെല്ലാമാണ് നശിപ്പിക്കുന്നതെന്നും വിനാശോന്മുഖമായ നമ്മുടെ വികസന സങ്കല്പങ്ങളെ എങ്ങനെ തിരുത്താമെന്നുമുള്ള ആലോചനകളാണ് ഈ കൃതി. പ്രകൃതിയുടെ ജൈവികത നിലനിർത്താൻ നാമോരോരുത്തരും ബാധ്യസ്ഥരാണെന്ന് ഇതിലെ ലേഖനങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു.

**Page: 88 / ₹ 55**

ISBN: 978-81-264-2936-3

Pub: April 2011

## കേരളത്തിലെ ജില്ലകളും അവയുടെ സവിശേഷതകളും
### കെ.വിനോദ്കുമാർ

**ന**മ്മുടെ പ്രകൃതിയെ നാം കേരളത്തിലെ ഓരോ ജില്ലകളെയും വിശദമായി പരിചയപ്പെടുത്തുന്ന റഫറൻസ് ഗ്രന്ഥം. ഓരോ ജില്ലകളുടെയും സാമൂഹ്യ-സാംസ്കാരിക ചരിത്രം വിവരിക്കുന്ന ഈ കൃതി കുട്ടികൾക്കും മത്സരപ്പരീക്ഷകൾ എഴുതുന്നവർക്കും പ്രയോജനപ്രദമാണ്.




**₹ 250**

ISBN: 978-81-264-2942-4

Pub: April 2011

## സുമേർ-ബാബിലോൺ-അസീറിയ
### സി.പി.തോമസ്




**പ്രാ**ചീന ജനപഥങ്ങളെക്കുറിച്ചും ആദിമ സംസ്കൃതികളെക്കുറിച്ചും വെളിച്ചം പകരുന്ന കൃതി.

**Page: 260 / ₹ 150**

ISBN: 978-81-240-1755-7

Pub: April 2011

## ഗോമാതാവ്
### ജി.രാജപ്പൻനായർ

**ദേ**വവൃക്ഷം, രുദ്രാക്ഷം എന്നീ അപൂർവകൃതികളുടെ രചയിതാവിൽനിന്ന് മറ്റൊരു വിശിഷ്ടകൃതി. പശുവിന്റെ മഹത്ത്വത്തെ വിശദമാക്കുന്ന പഠനം.




Pub: June 2011

# തത്വചിന്ത

## വിദ്യാഭ്യാസവും ജീവിതത്തിന്റെ പൊരുളും
### ജെ.കൃഷ്ണമൂർത്തി
വിവ: പി.ദാമാദരൻപിള്ള

**ഭ**യരഹിതമായും മാത്സര്യങ്ങളില്ലാതെയും അവനവനെപ്പറ്റിയുള്ള അഗാധമായ ധാരണയോടെയും കുട്ടികൾ വളർന്നുവരണമെന്ന് ആഗ്രഹിക്കുകയും ഉദ്ഘോഷിക്കുകയും ചെയ്ത വ്യക്തിയാണ് ജെ. കൃഷ്ണമൂർത്തി. ജീവിതത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം എന്താണെന്നും ജീവിതത്തെ അർത്ഥവത്താക്കേണ്ടതെങ്ങനെയെന്നും മനസ്സിലാക്കിത്തരുന്ന ചിന്താധാരകളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.




**Page: 112 / ₹ 65**

ISBN: 978-81-264-2995-0

Pub: April 2011

## മൺവിളക്ക്
### ഓഷോ
വിവ: അശോകൻ ചില്ലിക്കാടൻ




**ഓ**ഷോയുടെ തത്ത്വചിന്താപരമായ കഥകളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. അഹങ്കാരം, ക്രോധം, ലോഭം തുടങ്ങിയവ ജീവിതത്തിൽനിന്ന് അകറ്റിനിർത്തേണ്ടതിന്റെ ആവശ്യകത, കഥകളിലൂടെ ഇവിടെ പറയുന്നു. ജീവിതത്തിൽ പ്രകാശമായി ജ്വലിക്കാനുള്ള ആത്മവിശ്വാസം വളർത്തിയെടുക്കാൻ സഹായിക്കുന്ന ചിന്തകളാണ് 'മൺവിളക്ക്.'

**Page: 128 / ₹ 70**

ISBN: 978-81-264-3018-5

Pub: April 2011

# സെൽഫ് ഹെൽപ്പ്

## 100 വിജയമന്ത്രങ്ങൾ

**ടി. ആർ. എസ്. മേനോൻ**

**ആ**ശങ്കകളിലും അനിശ്ചിതത്വത്തിലും പെട്ടുഴലുന്ന ആധുനിക മലയാളിക്ക് വഴികാട്ടിയാകുന്ന കൃതി. ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള വിജയമന്ത്രങ്ങളും ശീലങ്ങളും ജീവിതത്തിൽ പ്രായോഗികമാക്കുന്നവർക്ക് വ്യക്തിജീവിതത്തിലും കർമ്മമണ്ഡലത്തിലും ആഗ്രഹിക്കുന്ന വിജയം കൈവരിക്കാനാവുമെന്നതു തീർച്ച. എല്ലാ വിഭാഗത്തിലും പെടുന്ന വായനക്കാരും അവശ്യം വായിക്കേണ്ട കൃതി.

Pub: April 2011

## നിങ്ങളിലെ നേതാവിനെ കണ്ടെത്തുക

**ദേബാഷിഷ് ചാറ്റർജി**

വിവ: എം.പി. സദാശിവൻ




**യ**ഥാർത്ഥ നേതൃത്വം രൂപപ്പെടുന്നത് ബന്ധങ്ങളിലൂടെയാണ്, എന്ന് ദേബാശിഷ് ചാറ്റർജി പറയുന്നു. പങ്കുവയ്ക്കപ്പെടുന്ന ഒരു ദൗത്യത്തിനു വേണ്ടി മനസ്സുകളും ആത്മാവുകളും ഒത്തുചേരുമ്പോൾ ബന്ധങ്ങൾ രൂപപ്പെടുന്നു. നിങ്ങളുടെ ലോകത്തെ നിങ്ങൾ കാണുന്ന രീതിയും അവിടുത്തെ നിങ്ങളുടെ സ്ഥാനവും മാറ്റാൻ ഈ ഗ്രന്ഥത്തിനു കഴിയും. ഓരോ വ്യക്തിയിലും ഒരു നേതാവുണ്ട്. അതിനെ എങ്ങനെ കണ്ടെത്താം എന്ന് ഗ്രന്ഥം നമുക്കു കാണിച്ചുതരുന്നു.

Pub: April 2011

## നിങ്ങളുടെ ഹൃദയത്തിലെ അഗ്നിയെ ജ്വലിപ്പിക്കുക

**ദേബാഷിഷ് ചാറ്റർജി**

വിവ: എം. .പി. സദാശിവൻ

**ന**യിക്കാനുള്ള കഴിവ് ഓരോരുത്തരുടേയും ഉള്ളിലുണ്ട്. നാം അതിനേക്കുറിച്ച് ബോധവാനായാൽ മാത്രം മതി. അസാധാരണമായ ഇച്ഛാശക്തിയുള്ള സാധാരണക്കാരാണ് യഥാർത്ഥ നേതാക്കൾ എന്ന് ഈ ഗ്രന്ഥം നമുക്കു കാട്ടിത്തരുന്നു. ഈ ഗ്രന്ഥം വായിക്കുമ്പോൾ ലോകത്തിലെ വലിയ നേതാക്കൾ നമ്മുടെ കൂട്ടുകാരാണെന്നു തോന്നിപ്പിക്കുന്ന ഒരനുഭവം ലഭിക്കും. നമ്മെ പ്രവർത്തിക്കാൻ സഹായിക്കുന്ന ഗ്രന്ഥമാണിത്.

Pub: May 2011

# യാത്ര

## കക്കട്ടിൽ യാത്രയിലാണ്

**അക്ബർ കക്കട്ടിൽ**

**അ**ക്ബർ കക്കട്ടിൽ തന്റെ സ്വതസിദ്ധമായ നർമത്തിൽ ചാലിച്ചെഴുതിയ യാത്രകളുടെ പുസ്തകം. യാത്രയ്ക്കിടയിൽ കണ്ടുമുട്ടുന്ന വ്യക്തികളെയും ഉണ്ടാകുന്ന സംഭവഗതികളെയും വിവരിക്കുന്ന ഈ കുറിപ്പുകൾ ഒരു കഥ പോലെ വായനാസുഖം പ്രദാനം ചെയ്യുന്നു.

Pub: June 2011

# പാചകം

## തുടക്കക്കാർക്കുള്ള പാചകം

**ലില്ലി ബാബു ജോസ്**




**പാ**ചകത്തിന്റെ മേഖലയിലേക്ക് ആദ്യമായി പ്രവേശിക്കുന്നവർക്ക് വളരെ എളുപ്പത്തിൽ ചെയ്യാവുന്ന പാചകവിധികളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. അളവുകളും തൂക്കങ്ങളും, ഓരോന്നിനും ആവശ്യകമായ ചേരുവകൾ, അടുക്കളയിൽ ആവശ്യമുള്ള പാത്രങ്ങൾ, അടുക്കളയിൽ സഹായകമാകുന്ന ചില നുറുങ്ങുവിദ്യകൾ തുടങ്ങിയവയെക്കുറിച്ചെല്ലാം വളരെ ലളിതമായി വിശദീകരിച്ചിരിക്കുന്നു. പാചകം പഠിക്കാനാഗ്രഹിക്കുന്നവർ കൂടെക്കരുതേണ്ട ഒരു കൈപ്പുസ്തകം.

Pub: June 2011

## Cookery for Beginners

**Lilly Babu Jose**

**T**he recepies of this book have to be very useful for a new person who are going to start cookery and who does not know how to make nutrious, delicious food. This book contains easy to follow recepies. And also included the weights and measures, helpful hints, essential utensils used for cookery

Pub: June 2011

**സം**ഘർഷപൂരിതമായ വർത്തമാനകാലത്ത് ഓരോ വ്യക്തിയും മാനസികമായി തനിക്കെന്താണ് സംഭവിക്കുന്നതെന്നു മനസ്സിലാക്കേണ്ടതുണ്ട്. ആ തിരിച്ചറിവുകളുടെ വെളിച്ചത്തിൽ സ്വയം രൂപപ്പെടാനും തനിക്കും സമൂഹത്തിനും അനുരൂപമായ രീതിയിൽ പ്രവർത്തിക്കുവാനും ഓരോ വ്യക്തിയേയും സഹായിക്കുക എന്നതാണ് ഡി സി ബുക്സ് തയ്യാറാക്കിയ മനശ്ശാസ്ത്രഗ്രന്ഥാവലിയുടെ ലക്ഷ്യം. ഈ പരമ്പരയിൽപ്പെട്ട *മനസ്സും ആത്മവിശ്വാസവും* എല്ലാവരിലും ആത്മവിശ്വാസം തുളുമ്പുന്ന ഒരു മനസ്സിനെ രൂപപ്പെടുത്താൻ സഹായിക്കുന്നു.




## മനസ്സും ആത്മവിശ്വാസവും
ഡോ. എ.ബഷീർകുട്ടി

ISBN: 978-81-264-2962-2
Pub: April 2011




## മനസ്സും ദാമ്പത്യവും
ഡോ. എ.ബഷീർകുട്ടി

**സ**ന്തോഷകരമായ ഒരു ദാമ്പത്യജീവിതം കെട്ടിപ്പടുക്കുവാൻ വായനക്കാരനെ പ്രാപ്തനാക്കുന്നു.

ISBN: 978-81-264-2963-9
Pub: April 2011




## മനസ്സും വ്യക്തിത്വവും
ഡോ. ജോസഫ് ഇ. തോമസ്

**മാ**നസികപ്രത്യേകതകളെ മുൻനിർത്തി വ്യക്തിത്വത്തെ തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നു.

ISBN: 978-81-264-2965-3
Pub: April 2011




## മനസ്സും കോപവും
ഫാദർ സാംജി വടക്കേടം

**വി**വിധ വികാരങ്ങളെക്കുറിച്ചും അതിൽ വ്യക്തിനാശത്തിനു കാരണമാകുന്ന കോപത്തെക്കുറിച്ചും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചും ആഴത്തിൽ വിശകലനം ചെയ്യുന്നു.

ISBN: 978-81-264-2966-0
Pub: May 2011




## മനസ്സ്-ഫോബിയ
ഡോ. ജോസഫ് ഇ. തോമസ്

**ഫോ**ബിയ എന്ന രോഗാവസ്ഥയെയും അതിന്റെ വിവിധ അവസ്ഥകളെയും പ്രതിപാദിക്കുന്ന ഗ്രന്ഥം .

ISBN: 978-81-264-2964-6
Pub: April 2011




## മനസ്സും ആത്മീയതയും
മങ്ങാട് ബാലചന്ദ്രൻ

**വ്യ**ക്തിവികസനത്തിൽ ആത്മീയതയുടെ പങ്കുവെളിപ്പെടുത്തുന്നു.

ISBN: 978-81-264-2968-4
Pub: April 2011




## മനസ്സും സ്നേഹവും
ഫാദർ സാംജി വടക്കേടം

**മാ**നുഷികവികാരങ്ങളിൽ ശ്രേഷ്ഠമായ സ്നേഹത്തിന്റെ പ്രായോഗിക ഉപയോഗം ആഴത്തിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

ISBN: 978-81-264-2967-7
Pub: May 2011

# വിശ്വസാഹിത്യമാല

**ജന.എഡി: ഡോ.പി.കെ.രാജശേഖരൻ**

## പുത്രന്മാരും കാമുകന്മാരും
### ഡി.എച്ച്. ലോറൻസ്
പുന: പി.നാരായണക്കുറുപ്പ്




**ലോ**റൻസിന്റെ ആത്മകഥാപരമായ ഈ നോവൽ, ഗെർട്രൂഡ് മോറലും പുത്രൻ പോൾ മോറലും തമ്മിലുള്ള ബന്ധത്തിന്റെ കഥയാണ്. മനുഷ്യസ്വഭാവത്തിലെ വൈചിത്ര്യങ്ങൾ, അബോധതൃഷ്ണകൾ, ലൈംഗികത തുടങ്ങി ഒട്ടേറെ വിഷയങ്ങൾ നോവൽ അവതരിപ്പിക്കുന്നുണ്ട്. ഒരേസമയം പുത്രനായും കാമുകനായും കഴിയാനാവാത്ത പോളും ഗെർട്രൂഡിന്റെ കാമനയും അശ്ലീലമെന്നു വിളിക്കപ്പെട്ട ഈ നോവലിനെ ആധുനിക സാഹിത്യലോകത്തെ സംസാരവിഷയമാക്കുന്നു.

**Page: 160 / ₹ 80**

ISBN: 978-81-264-2915-8

Pub: May 2011

## സീക്രട്ട് ഏജന്റ്
### ജോസഫ് കോൺറാഡ്
പുന: വട്ടപ്പാറ ശശി




**പാ**ശ്ചാത്യനോവലിലെ ആധുനികതാപ്രസ്ഥാനത്തിന്റെ പ്രാരംഭകരിലൊരാളായ ജോസഫ് കോൺറാഡിന്റെ പ്രശസ്ത നോവൽ. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച നോവലുകളിലൊന്നായി വിലയിരുത്തപ്പെടുന്ന 'സീക്രട്ട് ഏജന്റ്,' ആധുനിക നോവലിന്റെയും രാഷ്ട്രീയ നോവലിന്റെയും മികച്ച മാതൃകകളിലൊന്നുകൂടിയാണ്. തൊഴിലാളി വർഗത്തിന്റെ ദയനീയജീവിതം മുൻനിർത്തിയെഴുതിയ ഈ നോവൽ, ഒരു ബോംബു സ്ഫോടനത്തിന്റെ കഥയാണു പറയുന്നത്.

Pub: May 2011

## അമ്മ
### മാക്സിം ഗോർക്കി
പുന: സെബാസ്റ്റ്യൻ പള്ളിത്തോട്




**സോ**വിയറ്റ് യൂണിയനിലെ ഔദ്യോഗിക സാഹിത്യസങ്കല്പത്തിന്റെ നായകനായ മാക്സിം ഗോർക്കിയുടെ പ്രശസ്ത നോവൽ. യൂറോപ്പിലെ തൊഴിലാളിവർഗത്തിന് ഊർജ്ജം പകർന്ന ഈ കൃതി, ഒക്ടോബർ വിപ്ലവത്തിനും ആക്കം കൂട്ടി. ചൂഷണത്തിനെതിരെ ആഞ്ഞടിക്കുന്ന തൊഴിലാളിവർഗത്തിന്റെ കഥ പറയുന്ന ഈ കൃതിയിൽ കാല്പനികതയും യാഥാർത്ഥ്യവും ഒത്തുചേരുന്നു.

Pub: May 2011

## റോബിൻഹുഡ്
### ആർ.എൽ.ഗ്രീൻ
പുന: കെ.പി.സുമതി




**ന**ല്ലവനും വീരനുമായ പോരാളി എന്ന നാടോടിനായകത്വസങ്കല്പത്തിന്റെ ഏറ്റവും പ്രചാരമുള്ള മാതൃകയാണ് റോബിൻഹുഡ്. ഇംഗ്ലീഷ് നാടോടിക്കഥാകാരനായ റോബിൻഹുഡ്ഡിനെക്കുറിച്ചുള്ള അസംഖ്യം കൃതികളിൽ ആർ.എൽ.ഗ്രീനിന്റെ കൃതി വേറിട്ടു നില്ക്കുന്നു. ഇംഗ്ലീഷ് നാടോടിസാഹിത്യത്തിലെ ഏറ്റവും പ്രസിദ്ധനായ വീരനായകന്റെ സാഹസികത നിറഞ്ഞ കഥ.

Pub: May 2011

# സൂഫിസം

## സൂഫിസം പ്രണയമാർഗത്തിന്റെ ലാവണ്യം
### സിദ്ദീഖ് മുഹമ്മദ്




**ചു**റ്റുമുള്ള ഓരോ മണൽത്തരിയെയും സ്നേഹിക്കുവാൻ തക്ക സഹിഷ്ണുതയും ഹൃദയവിശാലതയും വളർത്തി മനുഷ്യനെയും പ്രകൃതിയെയും ഒന്നായി അറിയാൻ ശ്രമിക്കുന്ന സൂഫിസത്തെക്കുറിച്ച് വ്യത്യസ്തമായൊരു രചന. ദിവ്യപ്രണയത്തിന്റെ മുത്തുമണികൾ കൊരുക്കുന്ന രചന.

Pub: May 2011

## സൂഫിസത്തിന്റെ ഹൃദയം
### ഇ.എം. ഹാഷിം

